പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 1029

14.01.2021 -ലെ മറുപടിയ്ക്ക്

## കേന്ദ്രസർക്കാരിന്റെ ലേബർ കോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഏകീകരിച്ചും പന്ത്രണ്ട് നിയമങ്ങൾ റദ്ദാക്കിയും കേന്ദ്രം കൊണ്ടുവന്ന ലേബർ കോഡ് തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും പരിമിതപ്പെടുത്തുന്ന ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ;<br><br>ബി) പ്രസ്തുത നിയമം തൊഴിലാളി ചൂഷണത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും ഇടയാക്കുമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും കേന്ദ്ര സർക്കാരിന്റെ ലേബർ കോഡ്-വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ചും 12 നിയമങ്ങളെ റദ്ദാക്കിയും 4 നിയമങ്ങളായി ക്രോഡീകരിച്ചിരിക്കുകയാണ്.<br><br>1. ദി കോഡ് ഓൺ വേജസ് 2019<br>2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്<br>3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി.<br>4. ദി ഒക്കുപേഷണൽ സേഫ്റ്റി, ഹെൽത്ത് &വർക്കിംഗ് കണ്ടീഷൻസ് കോഡ്.<br><br>നാല് കോഡുകൾക്കും കേന്ദ്ര ചട്ടങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ കോഡ് ഓൺ വേജസ് ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ തൊഴിൽ മേഖലകളെ Unskilled, Skilled, Semi-skilled, Highly skilled എന്നിങ്ങനെ 4 മേഖലകളായി തരംതിരിച്ചാണ് മിനിമം വേജസ് കണക്കാക്കാൻ ഉദ്ദേശിക്കുന്നത്. എന്നാൽ 1948-ലെ മിനിമം വേജസ് നിയമപ്രകാരം കേരളത്തിൽ 87 തൊഴിൽ മേഖലകളെ മിനിമം വേജസിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി കേരള സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. കേന്ദ്ര ചട്ടം നിലവിൽ വരുമ്പോൾ കേരളത്തിലെ ഓരോ തൊഴിലിനേയും ഈ 4 വിഭാഗത്തിൽ Map ചെയ്താണ് മിനിമം വേജസ് നിശ്ചയിക്കേണ്ടി വരുന്നത്. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലി സമയം ഒരു ദിവസം 9 മണിക്കൂർ ആയും സ്പ്രെഡ് ഓവർ 12 മണിക്കൂർ ആയും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയും കോഡിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയം ആയും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10 1/2 മണിക്കൂർ ആയും വ്യവസ്ഥ |

ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സി) ഇതുവരെ പത്ത് പേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളെ ഫാക്ടറിയുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരുന്നു വെങ്കിലും പുതിയ കോഡ് പ്രകാരം ഇത് ഇരുപത് തൊഴിലാളികൾ എന്നാക്കിയത് പാറമടകളിലും, ക്രഷർ യൂണിറ്റുകളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും സുരക്ഷിതത്വവും നഷ്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഭേദഗതി ടി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും സുരക്ഷിതത്വവും നഷ്ടപ്പെടുത്തും. എന്നിരുന്നാലും OSHW 2020 കോഡിലെ സെക്ഷൻ 81 പ്രകാരം തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് പരിധിയില്ലാതെ ഏതു നിർമ്മാണ പ്രക്രിയയും ഫാക്ടറിയായി നോട്ടിഫൈ ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്.

ഡി) കേന്ദ്ര നിയമം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണ്ടാക്കുന്ന ഗുരുതരമായ പ്രതിസന്ധി സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) നിലവിൽ പഠനം നടത്തിയിട്ടില്ല.

ഇ) തൊഴിലാളികൾക്ക് ദോഷകരമായി കേന്ദ്രകോഡിൽ വരുത്തിയിട്ടുള്ള ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടംരൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

(ഇ) തൊഴിലാളികൾക്ക് ദോഷകരമായി കേന്ദ്ര കോഡിൽ വരുത്തിയിട്ടുള്ള ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടം രൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കും. കേന്ദ്ര നിയമവുമായി ബന്ധപ്പെട്ട് കേരള ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കേരള കോഡ് ഓൺ വേജസ് റൂൾസ് 2020 കരട് ചട്ടങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി സംബന്ധിച്ചുള്ള ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ ആയത് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**